11 നവംബർ 2022 വെള്ളിയാഴ്ച 1198 തുലാം 25

mathrubhumi.com | /mathrubhumidotcom | /mathrubhumi

MATHRUBHUMI THE NATIONAL DAILY IN MALAYALAM


മാതൃഭൂമി

KOCHI | KOZHIKODE | THIRUVANANTHAPURAM | THRISSUR | KANNUR | KOTTAYAM | MALAPPURAM | KOLLAM | PALAKKAD | ALAPPUZHA | MUMBAI | CHENNAI | BENGALURU | DELHI | DUBAI

Supplement to Daily dated 11.11.2022 EA CHN






# ആലുവ യു.സി. കോളേജ്





കെ.സി. ചാക്കോ


എ.എം. വർക്കി


വി.എം. ഇട്ടിയവിര


സി.പി. മാത്യു

**നൂറ് വർഷങ്ങൾക്കു മുൻപ് 1921-ലാണ് യു.സി. കോളേജ് എന്ന ആശയത്തിന് തുടക്കം. അക്കാലത്ത് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള പ്രദേശത്ത് നാല് കോളേജുകളാണ് ഉണ്ടായിരുന്നത്. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കി അവിടെത്തന്നെ അധ്യാപക ജീവിതം നയിച്ചിരുന്ന നാല് യുവാക്കൾ സ്വന്തം സ്ഥലത്ത് ഒരു കോളേജ് വേണമെന്ന ആവശ്യവുമായി രംഗത്തെത്തിയതോടെയാണ് കോളേജിന്റെ ചരിത്രം ആരംഭിക്കുന്നത്.**

**കെ.സി. ചാക്കോ, എ.എം. വർക്കി, വി.എം. ഇട്ടിയവിര, സി.പി. മാത്യു എന്നിവരായിരുന്നു ആ യുവാക്കൾ.**

എം.ജി.സുബിൻ

ആലുവയിലെ മഹാകലാലയം നൂറ് വയസ്സ് പിന്നിട്ടിരിക്കുകയാണ്. നൂറ് എന്നത് ചെറിയ സംഖ്യയല്ല. സേവന സന്നദ്ധതയോടെ ത്യാഗപൂർണമായി നടത്തിയ പ്രവർത്തനത്തിന്റെ ചാരിതാർത്ഥ്യത്തിലാണ് കോളേജ് നൂറാം വർഷം ആഘോഷിക്കുന്നത്. പ്രശസ്തരായ വിദ്യാർത്ഥികളേയും അധ്യാപകരേയും കൊണ്ട് സമ്പന്നമാണ് യു.സി. കോളേജ്. യു.സി.യുമായി ബന്ധപ്പെട്ടവരുടെ ഓർമ്മകൾ നിറയ്ക്കുന്ന ഭണ്ഡാരമാണ് എന്നും ഈ കലാലയം. കടന്നുപോയ വഴികൾ പിന്നിട്ട ചരിത്ര നേട്ടങ്ങൾ കലാലായ മുത്തശ്ശിയെ ഏവർക്കും പ്രിയപ്പെട്ടതാക്കുന്നു.

നൂറ് വർഷങ്ങൾക്ക് മുൻപ് 1921ലാണ് യു.സി. കോളേജ് എന്ന ആശയത്തിന് തുടക്കം. അക്കാലത്ത് തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള പ്രദേശത്ത് നാല് കോളേജുകളാണ് ഉണ്ടായിരുന്നത്. തിരുവനന്തപുരം സർവ്വകലാശാല കോളേജ്, എറണാകുളം മഹാരാജാസ്, കോട്ടയം സി.എം.എസ്., തൃശ്ശൂർ സെന്റ് തോമസ് എന്നിവയായിരുന്നു ആ കോളേജുകൾ. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് പഠനം പൂർത്തിയാക്കി അവിടെ തന്നെ അധ്യാപക ജീവിതം നയിച്ചിരുന്ന നാല് യുവാക്കൾ സ്വന്തം സ്ഥലത്ത് ഒരു കോളേജ് വേണമെന്ന ആവശ്യവുമായി രംഗത്തെത്തിയതോടെയാണ് കോളേജിന്റെ ചരിത്രം ആരംഭിക്കുന്നത്. കെ.സി. ചാക്കോ, എ.എം. വർക്കി, വി.എം. ഇട്ടിയവിര, സി.പി. മാത്യു എന്നിവരായിരുന്നു ആ യുവാക്കൾ.

മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് ജോലി രാജിവെച്ച് കോളേജ് സ്ഥാപിക്കാനായുള്ള സ്ഥലത്തിനായി കേരളത്തിലാകെ അലഞ്ഞു. തെക്കൻ കേരളത്തിൽ പറ്റിയ സ്ഥലം കണ്ടെത്താനായില്ല. ഒടുവിൽ പെരിയാറിന് സമീപമുള്ള സ്ഥലം കോളേജിനായി ഉറപ്പിച്ചു. മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിലെ ഒരു കെട്ടിടത്തിൽ 1921 ജൂൺ എട്ടാം തീയതി യു.സി. കോളേജ് പ്രവർത്തനം ആരംഭിച്ചു. ഇന്ത്യക്കാരുടെ നേതൃത്വത്തിൽ ഇന്ത്യയിൽ ആരംഭിക്കുന്ന ആദ്യത്തെ എക്യുമെനിക്കൽ ഉന്നത വിദ്യാഭ്യാസ കേന്ദ്രമായിരുന്നു അത്. മദ്രാസ് യൂണിവേഴ്സിറ്റിയുമായാണ് കോളേജ് അഫിലിയേറ്റ് ചെയ്തിരുന്നത്.

യുവാക്കളുടെ അശ്രാന്ത പരിശ്രമത്തിൽ സംതൃപ്തി തോന്നിയ തിരുവിതാംകൂർ രാജാവ് 18 ഏക്കർ സ്ഥലവും അവിടെയുണ്ടായിരുന്ന കോടതി കെട്ടിടമായ കച്ചേരി മാളികയും കോളേജിന് ദാനമായി നൽകി. 1921 സെപ്തംബറിൽ കച്ചേരി മാളികയിലേക്ക് കോളേജിന്റെ പ്രവർത്തനം മാറ്റി.

1938ൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് തിരുവിതാംകൂർ സർവകാലാശാലയുടെ കീഴിലേക്ക് കോളേജ് മാറി. ഈ കാലഘട്ടത്തിലാണ് കോളേജിൽ പെൺകുട്ടികൾക്കും പ്രവേശനം അനുവദിച്ചു തുടങ്ങിയത്. 1957 ൽ കേരള സർവ്വകലാശാല നിലവിൽ വന്നപ്പോൾ കോളേജ് അഫിലിയേഷൻ അതിലേക്ക് മാറി. 1985ൽ എം.ജി. സർവ്വകലാശാല ആരംഭിച്ചപ്പോൾ യു.സി. അതിന്റെ കീഴിലായി.

64 വിദ്യാർത്ഥികളും അഞ്ച് അധ്യാപകരുമായാണ് ആദ്യത്തെ ഇന്റർമീഡിയറ്റ് ക്ലാസ് ആരംഭിച്ചത്. ഇന്ന് 18 പഠന വിഭാഗങ്ങളിലായി 2500-ഓളം വിദ്യാർത്ഥികളും 160 അധ്യാപകരും 60 ഓളം അനധ്യാപകരുമുണ്ട്.




യു.സി. കോളേജ് കച്ചേരിമാളികയുടെ പഴയകാല ദൃശ്യം




04 www.mathrubhumi.com

യു.സി. കോളേജ് ശതാബ്ദിയാഘോഷം തുടങ്ങി


## സമാനതകളില്ലാത്ത മാതൃക - ഗവർണർ

508 കോവിഡ് മുക്തർ

മത്സ്യബന്ധന ക... ഉരുണ്ടുകളി -ഉ...

കോവിഡ് കാലത്ത്






...ദ്രവാസനകളെ ചെറുത്തു ദേശ... ഐക്യത്തെ കാത്തുരക്ഷിയ്ക്ക...

ആലുവാ കോളേജ് വിദ്യാർത്ഥികളോട ഗവർണ്ണറുടെ ഉൽബോധനം

(സ്വന്തം ലേഖകൻ)

ആലുവാ, ഫിബ്രവ...


## ആലുവാ യു. സി. കോളേജ്

ആലുവാ യു. സി. കോളേജിൻെറ കനകജൂബിലി കേമമായി ആഘോഷിച്ചിരിക്കുന്നു. പ്രശസ്തമായ ആ വിദ്യാലയത്തിൻെറ ചരിത്രം എളിമയിൽനിന്നു പൊലിമയിലേക്കുള്ള വളർച്ച എങ്ങിനെ സാധിക്കാമെന്നതിൻെറ നിദർശനമാണ്. ഏറ്റവും എളിയ തോതിൽ സമാരംഭിച്ച ആ വിദ്യാലയം ഇന്നു കേരളത്തിലെ കോ...




ആലുവ യു.സി. കോളേജിൽ ഗാന്ധി നട്ട മാവ്

# ഗാന്ധിയും ആലുവയും പിന്നെ യു.സി. കോളേജും

**ആലുവ▸** ഗാന്ധിജി രണ്ട് പ്രാവശ്യമാണ് ആലുവയിലെത്തിയത്. രണ്ട് പ്രാവശ്യവും ഗാന്ധി സന്ദർശനം നടത്തിയ സ്ഥലങ്ങൾ പിൽകാലത്ത് വിദ്യാഭ്യാസ, സാംസ്കാരിക മേഖലയിലെ ജ്വലിക്കുന്ന കേന്ദ്രങ്ങളായി. വൈക്കം മഹാദേവ ക്ഷേത്രം പശ്ചാത്തലമാക്കി നടന്ന ചരിത്ര പ്രസിദ്ധമായ ത്യാഗ്രഹത്തോടനുബന്ധിച്ചാണ് ആദ്യം ഗാന്ധിജി ആലുവയിലെത്തിയത്. ക്ഷേത്രത്തോട് ചേർന്നുള്ള പൊതുവഴിയിലൂടെ സമൂഹത്തിലെ എല്ലാ വിഭാഗക്കാർക്കും സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം നേടിയെടുക്കുകയെന്നതായിരുന്നു സത്യാഗ്രഹത്തിന്റെ ലക്ഷ്യം. ഇതിനുവേണ്ടി പ്രയത്നിച്ചിരുന്ന സാമൂഹ്യ പരിഷ്കർത്താവ് ശ്രീനാരായണഗുരുവുമായി ഗാന്ധിജി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

പ്രശസ്ത ചിന്തകനും എഴുത്തുകാരനും നാസ്തികനുമായ യു.സി. കോളേജിലെ അധ്യാപകനുമായിരുന്ന കുറ്റിപ്പുഴ കൃഷ്ണപിള്ള അദ്ദേഹത്തിന്റെ 'സ്മരണമഞ്ജരി' എന്ന പുസ്തകത്തിൽ അക്കാലത്തെ സംഭവത്തെ പറ്റി പരാമർശിക്കുന്നുണ്ട്. 'വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി ആലുവയിൽ വരുകയും അദ്വൈതാശ്രമത്തിൽ താമസിക്കുകയും സത്യാഗ്രഹ നേതാക്കളുമായി സംഭാഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ആശ്രമത്തിൽ വെച്ച് ഗാന്ധിജി പിറ്റ്പാക്ക് എന്ന ഉടമ്പടി ഒപ്പു വെയ്ക്കുകയും ചെയ്തു.




ആലുവ യു.സി. കോളേജിലെത്തിയ മഹാത്മ ഗാന്ധി സന്ദർശക ഡയറിയിൽ കുറിച്ചിട്ട വാചകം

1925 മാർച്ച 18ന് ആലുവ യു.സി. കോളേജിൽ ഗാന്ധിയെത്തി. കോളേജിന്റെ മുറ്റത്ത് ഒരു മാവ് നടുകയും ചെയ്തു. വിദ്യാർഥികളുടെ അഭ്യർത്ഥന മാനിച്ചാണ് ഗാന്ധിജി യു.സി. യിലെത്തിയത്. ആട്ടിൻ പാൽ നൽകി വിദ്യാർത്ഥികൾ മഹാത്മാഗാന്ധിയെ സ്വീകരിച്ചു. ഗാന്ധിജി യു.സി. കോളേജിൽ നടത്തിയ പ്രസംഗം കെ. രാമചന്ദ്രൻ നായരാണ് പരിഭാഷപ്പെടുത്തിയത്. ആ പ്രസംഗം ഇങ്ങനെ: "ആൾത്തിരക്കിൽ നിന്ന് അകന്ന് വിദൂരമായ ഈ കോണിൽ ഈ കലാശാല സ്ഥാപിക്കുന്നതിന് ഭാരവാഹികളെ പ്രേരിപ്പിച്ച മനോവൃത്തിയെ ഞാൻ അഭിനന്ദിക്കുന്നു. മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ സന്ദർശനം ഈ കോളേജിലെ വിദ്യാർഥികൾക്ക് കവിതയിലുള്ള താത്പര്യം വർദ്ധിപ്പിച്ചു കാണുമെന്നാണ് വിചാരിക്കുന്നത്. ജീവിതത്തിലെ കവിതയിരിക്കുന്നത് അധ്വാനത്തിലാണ്".

തുടർന്ന് കോളേജിലെ സന്ദർശന ഡയറിയിൽ 'ഡിലൈറ്റ് വിത്ത് ഐഡിയൽ സിറ്റുവേഷൻ' എന്ന് രേഖപ്പെടുത്തുകയും ചെയ്തു. ഗാന്ധിജിയുടെ യു.സി. സന്ദർശന സ്മരണയ്ക്കായി 2007 മുതൽ ഗാന്ധി മാർഗമെന്ന പേരിൽ അധ്യാപകരുടെ കൂട്ടായ്മയുമുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ സഹായിക്കുകയാണ് ഈ കൂട്ടായ്മയുടെ പ്രധാന ലക്ഷ്യം.

'ഹരിജനോദ്ധാരണ' ഫണ്ട് ശേഖരണത്തിന്റെ ഭാഗമായി 1937ലാണ് അദ്ദേഹം രണ്ടാമതും ആലുവയിലെത്തിയത്. ശിവരാത്രി മണപ്പുറത്തെ പൊതുയോഗത്തിൽ അദ്ദേഹം പതിനായിരങ്ങളെ അഭിസംബോധന ചെയ്തു സംസാരിച്ചു. ദളിത് ബാലികയായ കാർത്യായനിയാണ് ഗാന്ധിജിയെ മാലയിട്ട് സ്വീകരിച്ചത്. രാഷ്ട്ര സേവനത്തിൽ വ്യാപൃതരായിരുന്ന യു.സി. കോളേജിലെ വിദ്യാർത്ഥികളാണ് തൊട്ടടുത്ത് താമസിച്ചിരുന്ന കാർത്യായനിയെ കണ്ടെത്തിയത്. പ്രൊഫ.എം.പി. മന്മഥന്റെ നേതൃത്വത്തിലായിരുന്നു ഈ സ്വീകരണം ഒരുക്കിയത്.

കാർത്യായനിയെ മടിയിൽ പിടിച്ചിരുത്തി അദ്ദേഹം പറഞ്ഞു. 'കുഞ്ഞേ നിന്റെ ഭാഷ എനിക്കറിയില്ല. എന്നാൽ, നിന്റെ കണ്ണുകളിലെ ഭാഷ എനിക്കു മനസ്സിലാകും'. ഗാന്ധിജിയെ മാലയണിയിച്ച കാർത്യായനി പിൽകാലത്ത് 'ഗാന്ധി കാർത്യായനി' എന്ന പേരിലാണ് അറിയപ്പെട്ടത്. 2013 ഏപ്രിൽ 28ന് കാർത്യായനി അന്തരിക്കും വരെ ഗാന്ധിയെന്ന പേര് അവരുടെ ഒപ്പം ഉണ്ടായിരുന്നു.



യു.സി. കോളേജിനടുത്ത് താമസിച്ചിരുന്ന ഗാന്ധി കാർത്യായനി

# യു.സി. കോളേജ്, പ്രളയം നൽകിയ വീട്

**(അൻവർസാദത്ത് എം.എൽ.എ.)**

*2018-ലെ വെള്ളപ്പൊക്കത്തിലാണ് എനിക്ക് യു.സി.യുമായി ആത്മബന്ധം ഉടലെടുക്കുന്നത്. മറ്റ് ആയിരങ്ങൾക്കെന്ന പോലെ എനിക്കും കുടുംബത്തിനും യു.സി. കോളേജ് വെള്ളപ്പൊക്കത്തിൽ അഭയമൊരുക്കി. യു.സി. തന്ന സുരക്ഷിതത്വം ഒരിക്കലും മറക്കാൻ കഴിയാത്തതാണ്*

ശതാബ്ദിയാഘോഷിക്കുന്ന ആലുവ യു.സി. കോളേജിന് ആശംസകൾ നേരട്ടെ. ഒരു സ്ഥാപനം പ്രായമേറുന്നതും ജൂബിലിയാഘോഷിക്കുന്നതുമെല്ലാം പതിവുള്ള കാര്യമാണ്. എന്നാൽ യു.സി. കോളേജിന്റെ കാര്യത്തിൽ ഇത് ഏറെ സവിശേഷതയുള്ള കാര്യമാണ്. പ്രതിഫലം ആഗ്രഹിക്കാതെ ഏത് കാര്യത്തിലും സേവന പ്രവർത്തനത്തിൽ മുൻപന്തിയിൽ നിൽക്കാൻ യു.സി. കോളേജിന് എക്കാലത്തും കഴിഞ്ഞിട്ടുണ്ട്. പ്രദേശവാസികളുടെ ദുരിതത്തിലും ദുഖത്തിലും പങ്കു ചേർന്ന് അവർക്ക് ഒരു കൈ സഹായം നൽകാൻ യു.സി. എന്നും മുന്നിൽ തന്നെയുണ്ടായിരുന്നുവെന്ന് സ്വന്തം അനുഭവം കൊണ്ട് പറയാൻ സാധിക്കും.

2018ലെ വെള്ളപ്പൊക്കത്തിലാണ് എനിക്ക് യു.സി.യുമായി ആത്മബന്ധം ഉടലെടുക്കുന്നത്. മറ്റ് ആയിരങ്ങൾക്കെന്ന പോലെ എനിക്കും കുടുംബത്തിനും യു.സി. കോളേജ് വെള്ളപ്പൊക്കത്തിൽ അഭയമൊരുക്കി. യു.സി. തന്ന സുരക്ഷിതത്വം ഒരിക്കലും മറക്കാൻ കഴിയാത്തതാണ്.

ഓഗസ്റ്റ് 16 ലെ ആ രാത്രിയിൽ പറമ്പയത്തെ വീടിന്റെ ഗേറ്റിന് സമീപം വെള്ളമെത്തിയപ്പോഴാണ് വീട്ടിൽ നിന്ന് സുരക്ഷിത കേന്ദ്രത്തിലേക്ക് മാറാൻ ഞാൻ തീരുമാനിച്ചത്. താമസ സൗകര്യം ഒരുക്കിത്തരാമെന്ന് പറഞ്ഞ് പലയിടങ്ങളിൽ നിന്നും ഫോൺ കോളുകളുമെത്തി. വീടുകളിൽ വെള്ളം കയറി പോകാനിടമില്ലാതെ ആളുകൾ അഭയാർത്ഥി ക്യാമ്പിൽ കഴിയുമ്പോൾ സൗകര്യമുള്ള സ്ഥലത്തേയ്ക്ക് പോകാൻ മനസ്സ് അനുവദിച്ചില്ല.

നാട്ടുകാരോടൊപ്പം അവർ താമസിക്കുന്ന അഭയ കേന്ദ്രത്തിലേക്ക് പോകാനായിരുന്നു തീരുമാനം. ഭാര്യ സബീനയും മക്കളായ സിമി ഫാത്തിമയും സഫാ ഫാത്തിമയും ബാപ്പ അബ്ദുൾ സത്താറും ഉമ്മ ഐഷാബീവി സഹോദരനും കുടുംബവുമെല്ലാം യു.സി. കോളേജിലെ ക്യാമ്പിലെത്തി. തുടർന്നുള്ള ദിവസങ്ങളിൽ കോളേജിലെ ക്യാമ്പിലായിരുന്നു ഞങ്ങളുടെ ജീവിതം. ക്യാമ്പിൽ ആവശ്യമുള്ള സഹായം എത്തിക്കുന്നതിനായി ഒന്നടങ്കം പരിശ്രമം നടത്തി. അവിടെയുള്ള ഭക്ഷണം കഴിച്ച് പായ വിരിച്ച് അവിടെ കിടന്നുറങ്ങിയാണ് പ്രളയകാലം തീർത്തത്.

രാവിലെ തന്നെ ആലുവയിലെ മറ്റിടങ്ങളിലേക്ക് രക്ഷാപ്രവർത്തനങ്ങൾക്ക് പോകുമ്പോൾ ആളുകളുടെ ദൈന്യത നിറഞ്ഞ മുഖമാണ് എങ്ങും കണ്ടത്. പണമുണ്ടായിട്ടും ഭക്ഷണം പോലും ലഭിക്കാത്ത ആളുകളും ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു. പ്രളയ ദുരിതം അനുഭവിക്കുന്നവർക്ക് സഹായമെത്തിക്കാൻ അഹോരാത്രം പ്രയത്നിച്ചു.

രാത്രിയിൽ തിരികെ യു.സി. കോളേജിലെത്തി ക്യാമ്പിൽ എന്റെ കുടുംബത്തെ കണ്ടു, അവിടെയുള്ള ജനങ്ങളെ ആശ്വസിപ്പിച്ചു. നൂറ് വർഷത്തെ ചരിത്രം തികയുമ്പോൾ ആയിരകണക്കിന് പേരുടെ ഓർമകളിൽ നിറഞ്ഞു നിൽക്കുന്നതാണ് യു.സി. കോളേജ് 2018ലെ പ്രളയകാലത്ത് നൽകിയ സേവന പ്രവർത്തനങ്ങൾ.

